## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4323.** **24.06.2019 ൽ മറുപടിയ്ക്ക്**

### കയ്പമംഗലത്ത് വിദ്യാർത്ഥികൾക്കിടയിലെ ലഹരി മാഫിയയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ലഹരി പദാർത്ഥങ്ങൾ എത്തിക്കുന്ന ഒരു മാഫിയ കയ്പമംഗലത്തിന്റെ തീരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ പിടികൂടുവാൻ എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്പമംഗലത്തിന്റെ തീരപ്രദേശങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നവരെയും ഉപയോഗിക്കുന്നവരെയും കണ്ടെത്തുന്നതിനായി പൊതുപ്രവർത്തകർ, കടലോര ജാഗ്രത സമിതി അംഗങ്ങൾ, സ്പോർട്ട്സ് ക്ലബ്ബ്, ലൈബ്രറി, സ്കൂൾ-കോളേജുകളിലെ ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾ എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് രഹസ്യ വിവരങ്ങൾ ശേഖരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തീരപ്രദേശങ്ങളിൽ മഫ്റ്റിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും നിരന്തരം പട്രോൾ ഡ്യൂട്ടി നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ലഹരിവാഹകരായ ചില വിദ്യാർത്ഥികളെ പിടികൂടിയെങ്കിലും വിദ്യാർത്ഥികൾക്ക് ഇത്തരം ലഹരി പദാർത്ഥങ്ങൾ എത്തിക്കുന്ന യഥാർത്ഥ കണ്ണികളെ കണ്ടെത്തുന്നതിനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് അഴീക്കോട് മുതൽ ചാമക്കാല വരെയുള്ള ഭാഗങ്ങളിൽ സ്വീകരിച്ചിരിക്കുന്നത്; | (ബി) | കൊടുങ്ങല്ലൂർ സർക്കിൾ പരിധിയിൽ വരുന്ന അഴിക്കോട് മുതൽ ചാമക്കാല വരെയുള്ള പ്രദേശങ്ങളിൽ എല്ലാ ദിവസവും കൊടുങ്ങല്ലൂർ സർക്കിൾ, റേഞ്ച് ഓഫീസുകളിൽ നിന്നും മഫ്റ്റിയിൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് രഹസ്യാന്വേഷണങ്ങളും പട്രോൾ ഡ്യൂട്ടികളും നടത്തി വരുന്നതും സംശയം തോന്നുന്ന സ്ഥലങ്ങളിലും അപ്രതീക്ഷിത സമയങ്ങളിലും പ്രത്യേകിച്ച് രാത്രികാലങ്ങളിലും പരിശോധനകളും |

| | | | |
|---|---|---|---|
| | | | രഹസ്യ നിരീക്ഷണങ്ങളും നടത്തുകയും ചെയ്യുന്നു. |
| (സി) | ലഹരി വിരുദ്ധ ബോധവത്കരണം നടത്തുന്നതിന് കയ്പമംഗലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | കയ്പമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി ഓരോ എക്സൈസ് ഉദ്യോഗസ്ഥന്മാർക്കും ഓരോ സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിലെ വിവിധ ഫുട്ബോൾ ടീമുകളുമായി ബന്ധപ്പെട്ട് ലഹരിക്കെതിരെ ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2019-20 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി കയ്പമംഗലം നിയോജക മണ്ഡലത്തിലെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ വിമുക്തി/സ്വരക്ഷ സംബന്ധിച്ച് നൽകേണ്ട ബോധവത്കരണ പ്രവർത്തനങ്ങളിൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും, ടി അദ്ധ്യയന വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചും തീരുമാനിക്കുന്നതിനായി ബഹുമാനപ്പെട്ട കയ്പമംഗലം എം.എൽ. എ. ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു ആലോചന സമിതി കൂടിയിട്ടുള്ളതും തീരുമാനങ്ങളെടുത്തിട്ടുള്ളതുമാണ്. ആയത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.<br>സ്കൂൾ/കോളേജ് തലത്തിലും, പഞ്ചായത്ത് തലത്തിലും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ, ഡോക്യുമെന്ററി/സിനിമാ/സ്ലൈഡ് ഷോ പ്രദർശനങ്ങൾ, ഡിബേറ്റുകൾ, ജനങ്ങൾ |

| | | | |
|---|---|---|---|
| | | | കൂടുന്ന സ്ഥലങ്ങളിൽ തെരുവ് നാടകങ്ങൾ, ലഹരിക്കെതിരെ ഉപന്യാസ മത്സരം, ക്വിസ് മത്സരം, വടംവലി മത്സരം, റസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് ലഹരി വിരുദ്ധ കൂട്ടായ്മകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കോളനികളും, കൂലിപ്പണിക്കാർ താമസിക്കുന്ന വീടുകളും തീരദേശ പ്രദേശങ്ങളും സന്ദർശിച്ച് തീരദേശ ജാഗ്രത സമിതി അംഗങ്ങളേയും, തീര പ്രദേശങ്ങളിലുള്ള യുവതീ യുവാക്കളേയും മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ദൂഷ്യഫല ങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ